**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1144** **31-01-2024 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതിയുടെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുനർഗേഹം പദ്ധതി പ്രകാരം വീടുകൾ, ഫ്ലാറ്റുകൾ എന്നിവയിലേക്ക് മാറി താമസിക്കുവാൻ സന്നദ്ധത അറിയിച്ച എത്ര ഗുണഭോക്താക്കളുണ്ട്; ഇവരിൽ എത്ര പേർ വസ്തു കണ്ടെത്തിയിട്ടുണ്ടെന്നും എത്ര പേർ വസ്തു രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | ഫിഷറീസ് വകുപ്പ് 2018 ൽ നടത്തിയ സർവേ പ്രകാരം 18685 കുടുംബങ്ങൾ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നുണ്ടെങ്കിലും 8845 കുടുംബങ്ങളാണ് നിലവിൽ പുനർഗേഹം പദ്ധതി പ്രകാരം മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4325 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3555 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2211 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ചു. കൂടാതെ 390 കുടുംബങ്ങളെ ഫ്ലാറ്റുകളിലേക്കും പുനരധിവസിപ്പിച്ചു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള ഒന്ന്,രണ്ട്,മൂന്ന് ഗഡുക്കളിൽ ഓരോന്നും എത്ര പേർക്ക് നൽകിയിട്ടുണ്ടെന്നും പദ്ധതിയുടെ കാലാവധി അവസാനിക്കുന്നത് എന്നാണെന്നും വ്യക്തമാക്കുമോ? | (ബി) | പുനർഗേഹം പദ്ധതി പ്രകാരം 2966 പേർക്ക് ഒന്നാം ഘട്ടം ധനസഹായവും 2560 പേർക്ക് രണ്ടാം ഘട്ട ധനസഹായവും 2211 പേർക്ക് മൂന്നാം ഘട്ട ധനസഹായവും നൽകിയിട്ടുണ്ട്.<br><br>പദ്ധതിയുടെ കാലാവധി 31.03.2025 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ